# സ്വാതന്ത്ര്യം എന്ന ആഘാതം

സ്വാതന്ത്ര്യാനന്തര കേരളസമൂഹം എം.ടിയുടെ കാലം എന്ന നോവലിൽ - ഒരു പോസ്റ്റ് കൊളോണിയൽ വായന

ആർ.എസ്. കുറുപ്പ്




എം.ടി.



Scanned with OKEN Scanner

“സ്വതന്ത്രം നൊക്കെ കേട്ടപ്പോൾ ഇത്രത്തോളം നിരീച്ചില്യേ...” ‘കാല’ത്തിൽനിന്നുള്ള ഒരു സംഭാഷണശകലമാണ്. സ്വാതന്ത്ര്യലബ്ധി ദൗർഭാഗ്യകരമായ ഒരു അനുഭവമായി തോന്നിയ ഒരാളുടെ പ്രലപനമാണ് എന്നു വ്യക്തം. സംസാരശൈലിയിൽനിന്നു മനസ്സിലാവും ആൾ മലബാർ ഭാഗത്തുള്ള ഒരു നമ്പൂതിരി ആണെന്ന്. അതെ, കാലം എന്ന വിശ്രുത നോവലിലെ ഉണ്ണി നമ്പൂതിരി എന്ന കഥാപാത്രം കാലത്തിലെ കഥാപുരുഷനും തന്റെ ബാല്യകാല സുഹൃത്തുമായ സേതുവിനോട് പറയുന്നതാണിത്. ആദ്യമേ പറയട്ടെ, കാലം മറ്റെല്ലാ എം.ടി കൃതികളേയും പോലെ ഒരു വ്യക്തിയുടെ ആത്മസംഘർഷങ്ങളുടെ കവിതാമയമായ ആഖ്യാനമാണ്. എം.ടിയുടെ ഏതാണ്ട് എല്ലാ കഥകളിലും നോവലുകളിലും കഥാപുരുഷൻ ഒരു വള്ളുവനാടൻ ഗ്രാമത്തിൽ ജനിച്ചുവളർന്ന ഒരു യുവാവ് ആയിരിക്കുമല്ലോ. തന്റെ ചുറ്റുപാടുകൾക്കു പുറത്തുള്ള, തന്റെ ജീവിതത്തെ നേരിട്ടു ബാധിക്കാത്ത വലിയ കാര്യങ്ങളൊന്നും അയാളുടെ ചിന്തകളെ സ്വാധീനിക്കാറില്ല. 1999-ലെ വെള്ളപ്പൊക്കമായാലും രണ്ടാം ലോകമഹായുദ്ധമായാലും അത് തന്റെ ജീവിതവുമായി ബന്ധപ്പെട്ടുന്നിടത്തോളമേ അയാളിൽ വേവലാതികൾ ഉണ്ടാക്കുന്നുള്ളൂ.

നാലുകെട്ട് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലും അസുരവിത്ത് രണ്ടാം ലോകമഹായുദ്ധകാലത്തും വള്ളുവനാട്ടിൽ നടക്കുന്ന സംഭവങ്ങളുടെ ആഖ്യാനങ്ങളാണ്. കാലത്തിലാവട്ടെ, സ്വാതന്ത്ര്യസമരത്തിന്റെ അവസാന ദശകവും സ്വാതന്ത്ര്യാനന്തരമുള്ള ഒന്നര പതിറ്റാണ്ടും ചേർന്ന കാൽനൂറ്റാണ്ടുകാലമാണ് ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നത്. നോവലിൽ സ്വാതന്ത്ര്യസമരത്തെക്കുറിച്ചോ സ്വാതന്ത്ര്യലബ്ധിയെക്കുറിച്ചോ യാതൊരു സൂചനയും ഇല്ലെന്നിരിക്കെ ഇതെങ്ങനെ മനസ്സിലായി എന്ന ചോദ്യം ഉണ്ടാവാം. നോവലിന്റെ ആദ്യ അധ്യായങ്ങളിലൊന്നിൽ നേതാജിക്കൊപ്പം സമരം ചെയ്യുന്നു കേണൽ ലക്ഷ്മി അടുത്ത് ഒരിടത്ത് വരുന്നതായി ഒരു പരാമർശം ഉണ്ട്. സ്വാതന്ത്ര്യസമരം അവസാനിക്കാറായ കാലം. സേതു അപ്പോൾ സ്കൂൾ വിദ്യാർത്ഥിയാണ്.




കോളേജിൽ സേതുവോ സഹപാഠികളോ സ്വാതന്ത്ര്യസമരത്തെക്കുറിച്ചോ സ്വാതന്ത്ര്യ പ്രാപ്തിയെ കുറിച്ചോ ഒന്നും സംസാരിക്കുന്നില്ല ഒരിക്കൽപോലും. പക്ഷേ, അവർ കോളേജ് വിദ്യാർത്ഥികൾ ആയതുകൊണ്ട് തന്നെ സിനിമയെക്കുറിച്ച് സംസാരിക്കുന്നുണ്ട്, ‘ബഡിബഹൻ’ ‘വാഴ്കൈ’... ‘സുഹാനി രാത്’ എന്ന പാട്ട്... എല്ലാം 1948-1952 കാലത്ത് പുറത്തിറങ്ങിയവയാണ്. അതായത് സ്വാതന്ത്ര്യത്തിന്റെ ആദ്യദശകത്തിന്റെ ആദ്യപകുതിയിലാണ് സേതു കോളേജിൽ പഠിച്ചിരുന്നത്.

ഇടയ്ക്ക് പറയട്ടെ, ഒരു സാഹിത്യകൃതിയുടെ സ്ഥലവും കാലവും അതിന്റെ കർത്താവിന്റെ സൃഷ്ടിയാണ്. ഒരുദാഹരണം മാർത്താണ്ഡ വർമ്മയിലെ അമ്മച്ചിപ്ലാവ് കന്യാകുമാരിക്ക് അടുത്തുള്ള ചാരോടാണ്. യഥാർത്ഥത്തിലുള്ള അമ്മച്ചിപ്ലാവ് നിൽക്കുന്നത് അതിന് 100 കിലോമീറ്റർ വടക്കുള്ള നെയ്യാറ്റിൻകരയിലും. ഏതു സാഹിത്യകൃതിയിലെ സ്ഥലവർണ്ണനകളിലും കാണാം ഭൂപടങ്ങളിൽനിന്നുള്ള ഈ വ്യതിയാനം. കാലത്തിന്റെ കാര്യത്തിലും ഇതുതന്നെ പറയാം. ഭൂപടങ്ങളുമായും കലണ്ടറുകളുമായും കലാസൃഷ്ടിയിലെ സ്ഥലകാലങ്ങൾ പൂർണ്ണമായി ഒത്തുപോകുന്നില്ല ഒരിക്കലും. പക്ഷേ, തന്റെ കൃതിയിലെ സ്ഥലകാലങ്ങൾ സൃഷ്ടിക്കാൻ ഭൂപടങ്ങളും കലണ്ടറും ഇല്ലാതെ സാഹിത്യകാരനു കഴിയുകയില്ല. സൃഷ്ടിയെ സാർത്ഥകമായി വായിച്ചെടുക്കാൻ അവ വായനക്കാരനെ സഹായിക്കുകയും ചെയ്യും.

തകഴിയുടേയും ദേവിന്റേയും മറ്റു നവോത്ഥാന സാഹിത്യകാരന്മാരുടേയും കൃതികളിൽ കാണുന്നത് പോലെ തൊഴിലാളി സമരങ്ങളുടേയോ സാമൂഹ്യസംഘർഷങ്ങളുടേയോ വിവരണമൊന്നും എം.ടി കൃതികളിൽ പ്രത്യക്ഷത്തിൽ കാണാൻ കഴിയില്ല. ‘നോവലിസ്റ്റ് ചരിത്രകാരൻ അല്ല’ മിലാൻ കുന്ദര പറയുന്നു: “നോവലിസ്റ്റ് ചരിത്രകാരന്റെ പരിചാരകനല്ല – പക്ഷേ, ചരിത്രം അയാളെ ആകർഷിച്ചേക്കാം. അത് മനുഷ്യാസ്തിത്വത്തിനു മുകളിൽ അതിലേക്കും അതിന്റെ അപ്രതീക്ഷിതമായ സാധ്യതകളിലേക്കും വെളിച്ചം വീശിക്കൊണ്ട് ചുറ്റിക്കറങ്ങുന്ന ഒരു സെർച്ച്ലൈറ്റ് ആയതുകൊണ്ട്” എം.ടി കൃതികളിലും കാലത്തിൽ വിശേഷിച്ചും ചരിത്രത്തിന്റെ സെർച്ച്ലൈറ്റ് കഥാപാത്രങ്ങളുടേയും സംഭവങ്ങളുടേയുംമേൽ പതിക്കുന്നുണ്ട്.

## കാലത്തിന്റെ അനിവാര്യ മാറ്റം

സ്വാതന്ത്ര്യം ഭീതിദമായ ഒന്നാണെന്ന് ഉണ്ണി നമ്പൂതിരിക്കു തോന്നാൻ എന്താണ് കാരണം? ആരാണീ ഉണ്ണി നമ്പൂതിരി? സ്ഥലത്തെ ധാരാളം ഭൂസ്വത്തുള്ള മനയിലെ ഏക സന്തതി. മനക്കലെ കാര്യങ്ങൾ നോക്കാതെ ആനപ്പുറത്ത് കയറാൻ വേണ്ടി ഉത്സവപ്പറമ്പുകൾ തോറും നടക്കുന്ന മന്ദബുദ്ധി എന്നു പ്രത്യക്ഷത്തിൽ തോന്നുന്ന ഒരു നമ്പൂതിരിക്കുട്ടി. പഠിപ്പ് പൂർത്തിയാക്കിയിട്ടില്ല. ഏതോ ക്ലാസ്സിൽ അയാൾ സേതുവിന് ഒപ്പം ഉണ്ടായിരുന്നു. ഇല്ലത്തെ കാര്യസ്ഥൻ മാധവൻ നായർ, സേതുവിന്റെ മാധവമ്മാമ, ഹിഡുംബൻ എന്നാണ് ഉണ്ണി നമ്പൂതിരിയെ വിളിക്കുന്നത്, പക്ഷേ, മണ്ടത്തരം എല്ലാ കാര്യങ്ങളിലും ഉണ്ണി നമ്പൂതിരി പ്രകടിപ്പിക്കാറില്ല എന്ന് സേതുവിന് അറിയാം. “ഉണ്ണ്യമ്പൂരി ഇള്ള കുട്ടിയൊന്നുമല്ല” എന്ന് സുമിത്ര പറയുന്നതിലും കാര്യമുണ്ട്.

തന്റെ കാൽക്കീഴിലെ മണ്ണൊലിച്ചുപോകുന്നത് ഉണ്ണി നമ്പൂതിരി അറിഞ്ഞില്ല അഥവാ ശ്രദ്ധിച്ചില്ല. ഇല്ലത്തെ പാട്ടക്കാരൻ ഗോവിന്ദൻ



Scanned with OKEN Scanner

പാട്ടം കൊടുക്കുന്നതിൽ അമാന്തം കാണിച്ചു തുടങ്ങി, ഒടുവിൽ ഒട്ടും കൊടുക്കാതായി. കോളേജ് വിദ്യാർത്ഥിയായ സേതുവിനോട് ഉണ്ണി നമ്പൂതിരി കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കാൻ ശ്രമിച്ചു. സേതുവിന് സാഹിത്യത്തിൽ മാത്രമായിരുന്നു താല്പര്യം. അയാൾക്ക് പാട്ടക്കുടിയായ്മ നിയമത്തെക്കുറിച്ചൊന്നും അറിയുമായിരുന്നില്ല. പക്ഷേ, ഉണ്ണി നമ്പൂതിരിക്ക് അറിഞ്ഞല്ലേ പറ്റൂ, അയാൾ വക്കീലുമായി സംസാരിച്ചിരുന്നു. കുന്നംപള്ളിയോട് ചോദിച്ചു: ഉണ്ണി നമ്പൂതിരി നിസ്സഹായത തന്റെ ശബ്ദത്തിൽ സേതുവിനോട് പറഞ്ഞു. "കോടതീ പോയാലും കാര്യല്ല. ഗോവിന്ദന്റെ ഭാഗാവും ഗെർമെണ്ട് ച്ചാൽ എന്താ. ചെയ്യാ? സ്വതന്ത്രംന്നൊക്കെ കേട്ടപ്പോൾ ഇത്രത്തോളം നിരീച്ചില്യേ." ആരാണ് ഗവൺമെന്റിന് ഇത്രത്തോളം പ്രിയപ്പെട്ട ഈ ഗോവിന്ദൻ? കൃഷിക്കാരൻ, പാടത്തിറങ്ങാത്ത കൃഷിക്കാരൻ എന്ന പാട്ടക്കുടിയാൻ. സമ്പന്നൻ. കൃഷിഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യത്തിന്റെ മുഴുവൻ പ്രയോജനവും ലഭിച്ചത് ഈ ഗോവിന്ദന്മാർക്കാണ്. 'കൃഷിഭൂമി കൃഷിക്കാരന്', land to the tiller എന്നു പറഞ്ഞാൽ ഭൂമി അത് ഉഴുന്നവന്, ഭൂമിയിൽ പണിയെടുക്കുന്നവന് എന്നാണ് അർത്ഥം. ഇവിടെ സംഭവിച്ചത് അതല്ല. ഭൂമി കിട്ടിയത് ഇടനിലക്കാരനായ കുടിയാനാണ്, ഗോവിന്ദനാണ്. ഭൂമിയിൽ പണിയെടുത്തിരുന്നവർക്ക് എന്ത് സംഭവിച്ചു എന്നതിന്റെ സൂചനകളും കാലത്തിലുണ്ട്. ആദ്യം കോളേജിലേക്കു പോകുമ്പോൾ സേതുവിന്റെ പെട്ടി ചുമന്നത് ഒരു 'ചെറുമച്ചെക്കൻ' ആയിരുന്നു. വർഷങ്ങൾക്കുശേഷം സേതു സേതുമുതലാളിയായി വീട്ടിലേക്ക് വരുമ്പോഴും ഒരു ചെറുമ ചെക്കനുണ്ട് തറവാട്ടിലെ പണിക്കാരനായി – താമി. പഴയ ചെറുമചെക്കന്റെ മകൻ. പഴയ ആളിപ്പോൾ ചെറുമരുടെ കോമരമാണ്. കഥാന്ത്യത്തിൽ ഗ്രാമത്തിൽ ഏറ്റവും ദരിദ്രരായി രണ്ടു പേരെ നാം കണ്ടെത്തുന്നു. പത്തായമടക്കം പൊളിച്ചു വിൽക്കേണ്ടിവരുന്ന, "എവിടെ വേണമെങ്കിലും വരാം വെക്കുകേ വിളമ്പുകേ എന്തുവേണമെങ്കിലും ചെയ്യാം" എന്ന് സേതുവിനോട് പറയുന്ന പരമദരിദ്രനായ ഉണ്ണി നമ്പൂതിരി. ഗോവിന്ദൻ ഒരു മണി നെല്ലുപോലും അയാൾക്കു കൊടുക്കാറില്ല. മറ്റൊന്ന് താമി, നമ്മുടെ ചെറുമചെക്കൻ. സേതുവിന്റെ അമ്മാവൻ, ഇല്ലത്തെ പഴയ കാര്യസ്ഥൻ, മാധവൻ നായർ അടക്കം പലരും ഏറിയും കുറഞ്ഞും സമ്പന്നരായിക്കഴിഞ്ഞിരുന്നു. സ്വാതന്ത്ര്യം കിട്ടി 10-15 കൊല്ലം കഴിഞ്ഞിട്ടും ഗ്രാമജീവിതത്തിന്റെ ഘടനയിൽ കാര്യമായ മാറ്റങ്ങൾ പ്രത്യക്ഷത്തിൽ ഉണ്ടായിരുന്നില്ല. പക്ഷേ, മാറ്റങ്ങൾ ഉണ്ടായിരുന്നു ബീജരൂപത്തിൽ. ഇവ ശ്രദ്ധാലുവായ ഒരു വായനക്കാരന് നോവലിൽനിന്നുതന്നെ കണ്ടെത്താൻ കഴിയും. ഉദാഹരണത്തിന് ഈ പരാമർശം നോക്കുക: "അടുത്തകാലത്താണ് ഗ്രാമത്തിനടുത്ത് ഹൈസ്കൂൾ വന്നത്. അഞ്ചാം ക്ലാസ്സ് കഴിഞ്ഞ് പഠിപ്പ് നിർത്തി കച്ചവടത്തിനും കൃഷിയ്ക്കും ഇറങ്ങുകയായിരുന്നു പഴയ പതിവ്. ഇപ്പോൾ എല്ലാവരേയും ഹൈസ്കൂളിൽ അയക്കാൻ തുടങ്ങിയിരിക്കുന്നു... ഗ്രാമത്തിലെ വെട്ടുവഴിയിലെ രാജകുമാരന്മാർ സർട്ടിഫിക്കറ്റുകളുമായി തെരുവിലിറങ്ങുന്ന രംഗം മനസ്സിൽ കണ്ടു" വെള്ളക്കോളർ ഉദ്യോഗം നേടുക എന്നതു മാത്രമായി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

## ഗാന്ധിയൻ മാതൃകയും സോവിയറ്റ് വികസനവും

മെക്കാളെ സമ്പ്രദായത്തെപ്പോലെത്തന്നെ സ്വതന്ത്ര ഇന്ത്യയിലെ പുതിയ വിദ്യാഭ്യാസ സമ്പ്രദായവും വിദ്യാർത്ഥികളെ ഏതെങ്കിലും തൊഴിലിൽ വൈദഗ്ധ്യം ഉള്ളവരാക്കിയില്ല. എന്നു മാത്രമല്ല, അത്തരം തൊഴിലുകളോട് പുച്ഛവുമായിരുന്നു പുതിയ വിദ്യാസമ്പന്നർക്ക്. നമ്മുടെ രാഷ്ട്രപിതാവ് ഇത് നേരത്തെ കണ്ടിരുന്നു. തൊഴിലധിഷ്ഠിതമായ ഒരു വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ചും 'ഈ അവസാനത്തെ ആളിനെ' വരെ ഉൾക്കൊള്ളുന്ന, കൃഷിക്കും കൈത്തൊഴിലിനും പ്രാധാന്യം നൽകുന്ന ഒരു വികസന സമ്പ്രദായത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ അടുത്ത അനുയായികൾ രൂപംകൊടുത്ത ഭാരത സർക്കാർ മെക്കാളെ വിദ്യാഭ്യാസ സമ്പ്രദായവും സോവിയറ്റ് വികസന മാതൃകയും പിന്തുടരാനാണ് തീരുമാനിച്ചത്. ഗാന്ധിയൻ മാതൃകയിലുള്ള ചില ഗ്രാമവികസനപദ്ധതികൾ നടപ്പാക്കാതിരുന്നില്ല പുതിയ സർക്കാർ. നാഷണൽ എക്സ്റ്റൻഷൻ സ്കീം എന്നായിരുന്നു അതിന്റെ പേര്.

ആ പദ്ധതിയുടെ ഭാഗമായി നിലവിൽ വന്ന എൻ.ഇ.എസ് ബ്ലോക്കുകളിലെ ഗ്രാമസേവകരായി തെരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ സേതുവുമുണ്ടായിരുന്നു. നാഷണൽ എക്സ്റ്റൻഷൻ സ്കീമിന്റെ കണ്ണൂർ ട്രെയിനിങ് സെന്ററിലേക്കുള്ള സേതുവിന്റേയും സംഘത്തിന്റേയും യാത്ര വിവരിക്കപ്പെടുന്ന അദ്ധ്യായം ശ്രദ്ധാപൂർവ്വമായ വായന ആവശ്യപ്പെടുന്നു. സേതു പിൽക്കാലത്ത് സൂചിപ്പിച്ച വെട്ടുവഴിയിലെ രാജകുമാരന്മാരുടെ അവസ്ഥയിലായിരുന്നു അയാളും സഹയാത്രികരും. അവരെല്ലാവരും ഡിഗ്രി പരീക്ഷ ഉയർന്ന നിലയിൽ പാസ്സായവരാണ്, പാഠ്യേതര വിഷയങ്ങളിൽ മികവുപുലർത്തിയവരും. പക്ഷേ, ബേസിക് എഡ്യൂക്കേഷനെക്കുറിച്ചും ഗ്രാമ വികസനത്തെക്കുറിച്ചും എന്തിന്, പഞ്ചവത്സര പദ്ധതികളെക്കുറിച്ചുപോലും അവർക്കു കാര്യമായ അറിവൊന്നും ഉണ്ടായിരുന്നില്ല. നടപ്പാക്കാൻ പോകുന്ന ഗാന്ധിയൻ ഗ്രാമവികസന സമ്പ്രദായത്തോട് മാത്രമല്ല, അഭിനവ ഗാന്ധിയന്മാരോടും ഈ ചെറുപ്പക്കാർക്ക് ലേശവും ബഹുമാനവും ഉണ്ടായിരുന്നില്ല, പുച്ഛം ഉണ്ടായിരുന്നുതാനും. അവർ പ്രതീക്ഷിച്ച വലിയ ഉദ്യോഗങ്ങളൊന്നും അവർക്കു കിട്ടിയില്ല. അതിന്റെ കാരണം



Scanned with OKEN Scanner



● എം.ടി.

വിദ്യാഭ്യാസ സമ്പ്രദായത്തിന്റേയും വികസന മാതൃകയുടേയും പോരായ്മകളിലാണ് അന്വേഷിക്കേണ്ടത് എന്ന് അവർക്കു മനസ്സിലായില്ല. അവർക്ക് ശത്രുത തോന്നിയത് റിസർവേഷന്റെ ആനുകൂല്യങ്ങൾ നേടുന്നവരോട് ആയിരുന്നു. “അല്ലെങ്കില് വല്ല പെലേനോ പറേനോ ആയി ജനിക്കേണ്ടിരുന്നു. കഷ്ടകാലത്തിന് അതും ആയില്ല...” അവരിൽ ഒരാൾ പറയുന്നു. ഈ പറയുന്ന ‘പെലേനും പറേനും’ ഇപ്പോഴും അവർ അർഹിക്കുന്ന പ്രാതിനിധ്യം സർക്കാർ സർവ്വീസിൽ എന്നല്ല ഒരിടത്തും കിട്ടിയിട്ടില്ല എന്നാലോചിക്കുമ്പോഴാണ് ഈ പ്രസ്താവനയുടെ പ്രാധാന്യം മനസ്സിലാവുക. അഭ്യസ്തവിദ്യർ എന്തെങ്കിലും തൊഴിൽ ചെയ്യാനുള്ള പരിശീലനം കിട്ടിയവരായിരുന്നില്ല, അവർക്ക് ചെയ്യാൻ കഴിയുന്ന തൊഴിലുകൾ വേണ്ടത്ര ഇല്ലായിരുന്നുതാനും. ഈ യാഥാർത്ഥ്യത്തെക്കുറിച്ച് അവർ പക്ഷേ, ആലോചിച്ചില്ല. കുറ്റം കൂടുതൽ നിസ്സഹായരായ സഹജീവികളിൽ ആരോപിക്കാൻ അവർ ശ്രമിച്ചു. ഇവിടെ നാം മഹാത്മാവിനെക്കുറിച്ച് ആലോചിച്ചുപോകുന്നു. ബ്രിട്ടീഷുകാർ നൂൽ നൂൽപ്പും നെയ്ത്തും മറ്റ് കൈത്തൊഴിലുകളും നശിപ്പിച്ചു. അവയെ വീണ്ടെടുക്കുക എന്ന പ്രക്രിയ സ്വാതന്ത്ര്യലബ്ധിക്കു ശേഷവും തുടരേണ്ടതാണ്. ടുണീഷ്യൻ വിപ്ലവകാരിയായ ആൽബർട്ട് മേമി അഭിപ്രായപ്പെട്ടതുപോലെ “സ്വാതന്ത്ര്യം കിട്ടുന്ന ദിവസം പുതിയ മനുഷ്യൻ ഉദയം ചെയ്യുകയില്ല. അതിന് ദീർഘകാലം വീണ്ടും സമരം ചെയ്യേണ്ടതുണ്ട്.”

അങ്ങനെയേ പൂർണ്ണ സ്വാതന്ത്ര്യം നേടാനാവൂ. എല്ലാവർക്കും വിദ്യാഭ്യാസവും തൊഴിലും ജീവിതസൗകര്യങ്ങളും കിട്ടുക എന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യം. അത് ലക്ഷ്യംവെച്ചാണ് ഗാന്ധി തന്റെ കർമ്മപദ്ധതികൾ ആവിഷ്കരിച്ചത്. അത് പക്ഷേ, അദ്ദേഹത്തിന്റെ രാഷ്ട്രീയ അനുയായികൾക്ക് അപരിഷ്കൃതമായി തോന്നി. പുതിയ ഗാന്ധിയന്മാർക്ക് അതിന്റെ പൊരുൾ തിരിഞ്ഞുകിട്ടിയതുമില്ല.

രാഷ്ട്രീയ പ്രസ്താവനകൾ ഇല്ല, സാമ്പത്തിക വിശകലനങ്ങൾ ഇല്ല, മുദ്രാവാക്യങ്ങൾ ഇല്ല. പക്ഷേ, സ്വാതന്ത്ര്യാനന്തര കാലത്തിന്റെ ദുരന്തപൂർണ്ണമായ അന്തരീക്ഷം അതിന്റെ അടിത്തറയായ സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക പ്രക്രിയയുടെ വൈകല്യങ്ങളോടൊപ്പം നമ്മെ അനുഭവിപ്പിക്കാൻ എം.ടിക്ക് കഴിയുന്നു, ഹൃദയഹാരിയായ ഒരു യാത്രാവർണ്ണനയിലൂടെ. രാഷ്ട്രീയ, സാമൂഹ്യ ബോധം വേണ്ടത്ര പ്രകടിപ്പിക്കാത്ത രചയിതാവാണ് എം.ടി എന്ന പൊതുബോധം സൃഷ്ടിച്ച നിരൂപകശ്രേഷ്ഠർക്ക് 'ഹാ കഷ്ടം' എന്നല്ലാതെ എന്തു പറയാൻ.

ഒരു ജനതയെന്ന നിലയിൽ നമ്മെ തീരെ അപരിഷ്കൃതരാക്കുന്ന ഒരു സവിശേഷതയെക്കുറിച്ചുകൂടി സ്വതസിദ്ധമായ ശൈലിയിൽ ഉള്ളിൽ തട്ടുംപടി വർണ്ണിക്കുന്നുണ്ട് എം.ടി.

ഗ്രാമസേവക ട്രെയിനികൾ കണ്ണൂരിൽ ട്രെയിൻ ഇറങ്ങി ബസ് കയറുന്ന സന്ദർഭം. ഒരുമിച്ച് ഒരിടത്തുനിന്ന് വന്നവർ, ഒരിടത്തേക്ക് പോകുന്നവർ, ആയുഷ്കാലം സഹപ്രവർത്തകരായി കഴിയേണ്ടവർ ബസ് വന്നു നിന്നപ്പോൾ ഉന്തുന്നു, തള്ളുന്നു, ബഹളം ഉണ്ടാക്കുന്നു. എം.ടി തന്നെ പറയട്ടെ: "ഫുട്ബോഡിൽ വിരലൂന്നാനുള്ള സ്ഥലത്തിനുവേണ്ടി എല്ലാം മറന്ന് നാം യുദ്ധം ചെയ്യുന്നു; വേദനിപ്പിക്കുന്നു, ചവിട്ടി മെതിക്കുന്നു, അവശേഷിച്ചവരുടെ കൂട്ടത്തിൽ അംഗമാകാതിരിക്കാൻ വേണ്ടി" ആദ്യം വരുന്നയാളെന്റെ പിന്നിൽ നിൽക്കണം പിന്നീട് വരുന്ന ആൾ എന്ന, ഏത് പരിഷ്കൃത സമൂഹവും പിന്തുടരുന്ന സാമാന്യമര്യാദ നാം സായിപ്പന്മാരിൽനിന്നും പഠിച്ചില്ല; ഗാന്ധിജിയിൽനിന്നും പഠിച്ചില്ല.

ഈ കഴുത്തറപ്പൻ മത്സരം നിലനിൽപ്പിന് അടിസ്ഥാനമായ, അപവാദമല്ല പൊതുനിയമം തന്നെയായ ഒരു രംഗത്താണ് സേതു പിന്നീട് എത്തിച്ചേരുന്നത്. സ്വാതന്ത്ര്യം സൃഷ്ടിച്ച പുതിയ സമ്പന്നവർഗ്ഗത്തിന്റെ, മുതലാളിമാരുടെ വിഹാരഭൂമിയിൽ, അവരിൽ ഒരാളിന്റെ സേവകനായി. സേതു ശ്രീനിവാസൻ മുതലാളിയുടെ റൈറ്റർ ആവുന്നത് ഒരു കുമാർഗ്ഗത്തിലൂടെയാണ്. മുതലാളിക്കുവേണ്ടി ഒരു നിരപരാധിക്കെതിരെ കള്ളസാക്ഷി പറഞ്ഞതിന്റെ പ്രതിഫലമായിരുന്നു ആ ജോലി. തന്റെ തൊഴിലിൽ ഒരു വിദഗ്ധനായി മാറുന്നുണ്ട് സേതു, പ്രത്യേകിച്ചും കണക്കിൽ കൊള്ളിക്കേണ്ടതും കൊള്ളിക്കേണ്ടാത്തതുമായ പണം അക്കൗണ്ട് ചെയ്യുന്ന കാര്യത്തിൽ. എല്ലാ അഴിമതിയുടേയും സദാചാരവിരുദ്ധതയുടേയും വിളനിലം ആയിരുന്നല്ലോ സ്വാതന്ത്ര്യാനന്തര മുതലാളിത്തലോകം. ആ മുതലാളിമാരെക്കുറിച്ചാണ് "സ്വാതന്ത്ര്യം എന്ന കൊള്ളയിൽനിന്നു കഴുക്കോൽ ഊരിയവർ" എന്ന് വി.കെ.എൻ പറഞ്ഞത്. ബോംബെയിലും കൽക്കട്ടയിലും മറ്റും അമിത പ്രതാപശാലികളായി ഭരണകൂടങ്ങളെ വരെ നിയന്ത്രിച്ചിരുന്ന വലിയ മുതലാളിമാരുടെ കോഴിക്കോട്ടെ ചെറിയ പതിപ്പായിരുന്നു ശ്രീനിവാസൻ മുതലാളി.

റൈറ്റർ സേതു വളരെ വേഗം മുതലാളിയുടെ വിശ്വസ്തനായി മാറുന്നു. ക്ലിപ്പുലേലത്തിന് പോകുന്നതുപോലും അയാളാണ്. അതിനിടയിൽ പ്രീതിപ്പെടുത്തേണ്ടത് ആരെയൊക്കെയാണെന്ന് മുതലാളി അയാൾക്ക് കൃത്യമായി മനസ്സിലാക്കി കൊടുക്കുന്നു. ഇൻകം ടാക്സ്, ഓഫീസർ, ഉയർന്ന പൊലീസ് ഉദ്യോഗസ്ഥർ അങ്ങനെ അങ്ങനെ...

അഴിമതിയും വഞ്ചനയും കുതികാൽവെട്ടും നിറഞ്ഞ ബിസിനസ് ലോകത്തിന്റെ ചിത്രം സത്യസന്ധമായി, വിശ്വാസയോഗ്യമായി. അതേസമയം തനിക്കു മാത്രം കഴിയുന്ന തരത്തിൽ കാവ്യാത്മകമായി എം.ടി വരച്ചുകാണിച്ചിട്ടുണ്ട്. സേതു മുതലാളിയുടെ വിശ്വസ്തനായി, മുതലാളിയുടെ ഭാര്യ ലളിതാ ശ്രീനിവാസന്റെ കാമുകനായി, ഒടുവിൽ ലളിതയോടൊപ്പം മുതലാളിയുടെ ബിസിനസ്സിന്റെ നല്ലൊരു പങ്കം സ്വന്തമാക്കി സേതുമുതലാളിയായി മാറുന്നതിന്റെ വിവരണം സ്വാതന്ത്ര്യത്തിനു തൊട്ടുപിന്നിലത്തെ കാലത്തെ കേരളത്തിലെ മുതലാളിത്തത്തിന്റെ നേരെഴുത്തു തന്നെയാണ്.

## സ്വാതന്ത്ര്യോദയത്തിലെ നഗ്നസത്യങ്ങൾ

വിദ്യാസമ്പന്നനും നല്ല വായനക്കാരനും സഹൃദയനും ഒക്കെ ആയ സേതു ഇങ്ങനെ ആദർശങ്ങളെ മുഴുവൻ കാറ്റിൽപറത്തി സേതു മുതലാളി ആവുന്നത് അയാളുടെ ഉൾക്കർഷേച്ഛയും ആരോടെന്നില്ലാത്ത പകയും മറ്റും കൊണ്ടാവാം. എന്നാൽ, ജീവിക്കാൻ മറ്റൊരു മാർഗ്ഗമില്ലാത്തതുകൊണ്ട് മാത്രമാണ് അയാൾ ഇവിടെ വന്നുപെട്ടത്. അങ്ങനെ ജീവിക്കാൻ വേണ്ടി ഈ ദൂഷിതവലയത്തിൽ അകപ്പെട്ടുപോകുന്ന മറ്റു ചിലർ കൂടി ഉണ്ട് സേതുവിനോളം ഭാഗ്യശാലികൾ അല്ലാത്തവർ. ഹൃദയോന്മാഥിയായ ഒരു ഉദാഹരണം നമ്മുടെ സരോജിനി തന്നെ, സേതു തന്റെ താമസസ്ഥലത്തുവെച്ച് അപ്രതീക്ഷിതമായി കണ്ടുമുട്ടുന്ന ബാലവേശ്യ. മുതലാളി സേതുവിനു താമസിക്കാൻ ഒരു വീട് വിട്ടുകൊടുത്തത് ഇങ്ങനെ ചില സൗകര്യങ്ങൾക്കുവേണ്ടികൂടി ആയിരുന്നു. 15 വയസ്സ് തികഞ്ഞിട്ടില്ലാത്ത ആ പെൺകുട്ടി തന്റെ അച്ഛനൊപ്പം അവിടെ എത്തുന്നത് കടുത്ത ദാരിദ്ര്യം കൊണ്ടാണെന്നു തീർച്ച. അവൾ



Scanned with OKEN Scanner

ഒരു വഴി തിരഞ്ഞെടുത്തു കഴിഞ്ഞു. അവൾ അത് ആസ്വദിക്കുകപോലും ചെയ്യുന്നുണ്ടെന്നു തോന്നും പിറ്റേ ദിവസം കുളികഴിഞ്ഞ് ഒരുങ്ങാൻ വേണ്ടി പൗഡർ ചോദിക്കുന്നതു കേൾക്കുമ്പോൾ. രക്ഷപ്പെടണമെന്ന് അവൾക്ക് എങ്ങനെ തോന്നും? അകലെ ഗ്രാമത്തിൽ അവളുടെ അമ്മയും ഇളയ കുട്ടികളും ആണല്ലോ പട്ടിണിയില്ലാത്ത ഏതാനും നാളുകളെകുറിച്ച് ആലോചിച്ച് ആശ്വസിച്ചിരിക്കുന്നത്. തലേരാത്രിയിൽ എല്ലാവരും ഉറങ്ങിക്കഴിഞ്ഞ് ആരോ കഴിച്ചുവച്ചതിന്റെ ബാക്കി ബിരിയാണി അവൾ പുറത്തുകിടക്കുന്ന തന്റെ അച്ഛനു കൊണ്ടുകൊടുക്കുന്ന ഭാഗം വായിച്ച് കണ്ണു നിറഞ്ഞുവെങ്കിൽ അത് നിങ്ങൾ ഒരു മോശപ്പെട്ട, അതിഭാവുകമതിയായ ഒരു വായനക്കാരൻ/വായനക്കാരി ആയതുകൊണ്ടല്ല. എം.ടിയുടെ ആഖ്യാനപാടവം ഒരു കാരണമാണ്. അതിലും പ്രധാനപ്പെട്ട ഒരു കാരണം അത് സ്വാതന്ത്ര്യോദയത്തിലെ ചില നഗ്നസത്യങ്ങളിലേക്കു വിരൽചൂണ്ടുന്നു എന്നതാണ്.

വ്യവസ്ഥയുടെ മറ്റൊരു ഇരയാണ് ലളിതാ ശ്രീനിവാസൻ, മുതലാളിയുടെ ഭാര്യ. അവർ തന്നെക്കുറിച്ച് തന്നെ പറയുന്നത് കേൾക്കൂ: "നോട്ട് ദാറ്റ് ഐ ആം ബാഡ്, അയാം വറീഡ്" താൻ ചീത്തയല്ല പക്ഷേ, ദുഃഖിതയാണ്. കോൺവെന്റിലും ക്യൂൻമേരീസ് കോളേജിലും പഠിച്ച, കവിതകൾ വായിക്കുന്ന പാശ്ചാത്യസംഗീതം ആസ്വദിക്കുന്ന അവർക്ക് പക്ഷേ, ശ്രീനിവാസൻ മുതലാളിയുടെ ഭാര്യ എന്ന പദവി ഒരു മുൾക്കിരീടമായിരുന്നു. ജീവിതം ആഡംബരപൂർണ്ണമായിരുന്നു. എന്നാൽ, സ്വന്തം സുഖം, ലാഭം എന്നതിനപ്പുറം ഒന്നുമില്ലാത്ത, സിനിമ കാണാത്ത പത്രം പോലും വായിക്കാത്ത, ഭാര്യയുടെ കൺമുൻപിൽ വച്ചുപോലും മറ്റു സ്ത്രീകളെ പ്രാപിക്കാൻ മടിയില്ലാത്ത ഒരു ഭർത്താവിനൊപ്പം ആയിരുന്നല്ലോ അവർക്കു ജീവിക്കേണ്ടിവന്നത്. വിദ്യാസമ്പന്നനും സഹൃദയനും കാവ്യാസ്വാദകനും ഒക്കെയായ സേതുവുമായി അവർ പെട്ടെന്ന് അടുത്തു. അതിനിടയിൽ രോഗിയായി മാറിയ മുതലാളിയുമായി കേസു പറഞ്ഞു ജയിച്ച് മുതലാളിയുടെ സ്വത്തിന്റെ വലിയൊരു പങ്ക് നേടിയെടുത്ത് സേതു സേതുമുതലാളിയായി മാറിക്കഴിഞ്ഞിരുന്നു. ലളിതാ ശ്രീനിവാസൻ സേതുവിനൊപ്പം താമസമായി. പക്ഷേ, അപ്പോഴേക്കും കരിങ്കൽപടവുകളിൽ കാലടി ഒച്ചകൾ കേൾക്കുമ്പോൾ അനുഭവിച്ച കോരിത്തരിപ്പ്... സേതുവിനു നഷ്ടപ്പെട്ടിരുന്നു. ലളിതാ ശ്രീനിവാസൻ പിന്നീട് ഒരു സന്ദർഭത്തിൽ ഒരു പാർട്ടിയിൽവെച്ച് ഒരു ചെറുപ്പക്കാരന്റെ കഴുത്തിൽ തൂങ്ങിനിന്നുവെങ്കിൽ അവരെ കുറ്റപ്പെടുത്താൻ കഴിയുമോ?

അങ്ങനെ നോക്കിയാൽ എം.ടിയുടെ സ്ത്രീകഥാപാത്രങ്ങളിൽ ഏറിയ പങ്കും മറ്റാരോ ചൂണ്ടിക്കാണിക്കുന്ന വഴിയിലൂടെ നടക്കുന്നവരാണ്, കർതൃത്വത്തിന്റെ(Agency) പൂർണ്ണമായ അഭാവമാണ് അവരുടെ മുഖമുദ്ര എന്നു പറയാം. ഇത് വിമോചനവാദിനികൾക്കു അഭിലഷണീയമായി തോന്നാൻ ഇടയില്ല. പക്ഷേ, അങ്ങനെയുള്ളവർ ഒരു കാര്യം വിസ്മരിക്കരുത്. എന്തുകൊണ്ട് സരോജിനിയും ലളിതാ ശ്രീനിവാസനും ഒക്കെ ഇങ്ങനെയായി? അവരെ ഇങ്ങനെ ആക്കിത്തീർക്കുന്ന സാമൂഹ്യവ്യവസ്ഥ വിശ്വാസയോഗ്യമായി വർണ്ണിക്കപ്പെട്ടിട്ടുണ്ട് കാലത്തിൽ. ഒരു വ്യവസ്ഥയുടെ ദൂഷ്യങ്ങളെ ഒരു കൃതിയിൽ സത്യസന്ധമായി വർണ്ണിച്ചിട്ടുണ്ടെങ്കിൽ അതെഴുതിയ ആൾ, ആ വ്യവസ്ഥയിൽ വിശ്വസിക്കുന്ന ആളാണെങ്കിൽ പോലും ആ കൃതി പുരോഗമന സാഹിത്യമായി കണക്കാക്കപ്പെടേണ്ടതുണ്ടെന്നു പറഞ്ഞത് ഏംഗൽസാണ്. കാലത്തിൽ സ്ത്രീവിരുദ്ധത ആരോപിക്കുന്നവർ ആചാര്യന്റെ ഈ അഭിപ്രായം ഓർമ്മിക്കുന്നതു നന്ന്. (ബൽസാക്കിന്റെ 'ഹ്യൂമൻ കോമഡി' എന്ന നോവലിനെക്കുറിച്ച് ഏംഗൽസ് മാർഗററ്റെ ഹാർക്സ്‌സിനെഴുതിയ കത്ത്... അവലംബം ഭാഷയുടേയും സാഹിത്യത്തിന്റേയും ഉല്പത്തി ശാസ്ത്രം – സി. ഉണ്ണിരാജ). അപ്പോൾ സ്വന്തം ഇച്ഛാശക്തിയിൽ സ്വാതന്ത്ര്യത്തോടെ

**എം.ടിയുടെ സ്ത്രീകഥാപാത്രങ്ങളിൽ ഏറിയ പങ്കും മറ്റാരോ ചൂണ്ടിക്കാണിക്കുന്ന വഴിയിലൂടെ നടക്കുന്നവരാണ്, കർതൃത്വത്തിന്റെ(Agency) പൂർണ്ണമായ അഭാവമാണ് അവരുടെ മുഖമുദ്ര എന്നു പറയാം. ഇത് വിമോചനവാദിനികൾക്കു അഭിലഷണീയമായി തോന്നാൻ ഇടയില്ല.**

പ്രവർത്തിക്കുന്ന ഒരു സ്ത്രീ കഥാപാത്രം പോലും ഇല്ലെന്നോ കാലത്തിൽ. ഒരാളെങ്കിലും പെട്ടെന്ന് ഓർമ്മയിൽ എത്തുന്നു, പുത്തൻകളത്തിൽ ലക്ഷ്മി അമ്മ സേതുവിന്റെ അമ്മ. വ്യവസ്ഥ നിർണ്ണയിച്ച പരിധികൾക്കുള്ളിൽ നിന്നുകൊണ്ട് സ്വന്തമായി തീരുമാനങ്ങൾ എടുത്ത് നടപ്പാക്കാൻ അവർക്കു കഴിയുന്നുണ്ട്. അതുപോലെ വലിയ കുഞ്ഞാത്തോൽ ഉണ്ണി നമ്പൂതിരിയുടെ അമ്മ. സാധാരണ അന്തർജ്ജനങ്ങളിൽനിന്നു വ്യത്യസ്തമായി അവർ സേതുവിനോടും മാധവൻ നായരോടും സ്വാതന്ത്ര്യത്തോടെ പെരുമാറി. ഇല്ലത്തെ കാര്യങ്ങൾ അവർ തീരുമാനിക്കുകയും നടപ്പാക്കുകയും ചെയ്തു. ചെയ്യാൻ ഒരുപാടു കാര്യങ്ങളൊന്നും ഇല്ലത്ത് അവശേഷിച്ചിരുന്നില്ലെങ്കിലും. അപ്പോൾ സുമിത്രയോ? സ്വന്തം ആഗ്രഹസാഫല്യത്തിനുവേണ്ടി സ്വന്തം തീരുമാനങ്ങൾക്കനുസരിച്ച് പ്രവർത്തിച്ച് പരാജയപ്പെട്ട് ആത്മീയതയിൽ അഭയം തേടേണ്ടിവന്ന സുമിത്ര ദീർഘകാല പ്രസക്തിയുള്ള ഒരു സൂചകം കൂടിയാണെന്നു തോന്നുന്നു. ഇവരുടെയൊന്നും പരിമിതികളില്ലാതെ, ഉരുത്തിരിഞ്ഞു വരുന്ന സാമൂഹിക വ്യവസ്ഥയെ വെല്ലുവിളിച്ച് സ്വതന്ത്രയായി ജീവിച്ച ഒരു അമ്മ കൂടിയുണ്ട് കാലത്തിൽ, പാപ്പമ്മാൾ. നാട് കോയമ്പത്തൂർ ഇപ്പോൾ സ്ഥിരം വിലാസം ദൽഹി ഹോട്ടൽ.



Scanned with OKEN Scanner

"എന്നുവെച്ചാൽ ദൽഹി ഹോട്ടലിന്റെ പുറത്തെ കോണിയുടെ താഴത്തെ അല്പസ്ഥലത്ത് പാപ്പമ്മാൾ ഉടുപ്പുകൾ കണ്ണാടി, ചീപ്പ്, പൗഡർ എന്നിവ അടങ്ങിയ ഭാണ്ഡം സൂക്ഷിക്കുന്നു. ആ വിലാസത്തിൽ കത്തെഴുതിയാൽ കിട്ടും." ഇനി വരുന്ന വാക്യമാണ് പ്രധാനം.

"15 കൊല്ലമായി നഗരത്തിൽ, കോയമ്പത്തൂരിൽ പഠിക്കുന്ന മാരിമുത്തു എന്ന മകനു സ്ഥിരമായി മണിയോർഡർ അയക്കുന്നു." കാലത്തിലെ സ്ത്രീകഥാപാത്രങ്ങൾ, പൊതുവേ എം.ടിയുടെ സ്ത്രീകഥാപാത്രങ്ങൾ കൂടുതൽ നിഷ്കൃഷ്ടമായ പഠനം ആവശ്യപ്പെടുന്നു. വിദേശാധിപത്യത്തിൽ നിന്നുള്ള മോചനം ഇന്ത്യാചരിത്രത്തിലെ ഏറ്റവും പ്രധാന സംഭവമാണ് സംശയമില്ല; പക്ഷേ, സമൂഹത്തിന്റെ സ്വഭാവത്തെ അടിമുടി മാറ്റാനൊന്നും സ്വാതന്ത്ര്യോദയത്തിനു കഴിഞ്ഞില്ല. ഒരു മാറ്റവും ഉണ്ടായില്ല എന്നു പറയുന്നത് ശരിയായിരിക്കുകയില്ല. മാറ്റങ്ങൾ സേതുവിന്റെ ശ്രദ്ധയിൽപ്പെട്ടത് ശ്രദ്ധാലുവായ ഒരു വായനക്കാരനു തിരിച്ചറിയാവുന്ന വിധത്തിൽ വാഗ്‌രൂപം നൽകപ്പെട്ടിട്ടുണ്ട് കാലത്തിൽ. അത് ഒരു സമ്മിശ്രമായ വ്യവസ്ഥയായിരുന്നു. ഏതുവഴിയിലൂടെയും ലാഭം ഉണ്ടാക്കാൻ ശ്രമിക്കുന്ന മുതലാളിമാർ, അവർക്ക് കൂട്ടുനിൽക്കുന്ന അധികാരികൾ, അടിമുടി അഴിമതിക്കാരായ ഉദ്യോഗസ്ഥർ, മുതലാളിമാർ ഏല്പിക്കുന്ന പണി ഏതായാലും യാതൊരു മനസ്സാക്ഷിക്കുത്തും കൂടാതെ ചെയ്യുന്ന പുതിയ അഭ്യസ്തവിദ്യർ, ഗ്രാമങ്ങളിൽ ദരിദ്രരായി തീർന്ന പഴയ ജന്മിമാർ, ഭൂവുടമകളായിത്തീർന്ന പഴയ കുടിയാന്മാർ, ഒരു വിപ്ലവവും സഹായത്തിന് എത്താത്ത താമിമാർ- സേതു 9 കൊല്ലത്തിനു ശേഷമാണ് നാട്ടിലെത്തുന്നത് എന്നാണ് ചെറിയമ്മ പറയുന്നത്. എന്നുവച്ചാൽ സ്വാതന്ത്ര്യം കിട്ടി ഒന്നര പതിറ്റാണ്ടെങ്കിലും ആയിട്ടുണ്ടാവും. ഇല്ലത്തെ ചെറിയ കുഞ്ഞാത്തോലിന്റെ അവസ്ഥ 'ചെർമികളുടേതുപോലെ' എന്നാണ് ചെറിയമ്മ വിശേഷിപ്പിക്കുന്നത്. അതായത് ചെറുമികളുടെ ദുരവസ്ഥ തികച്ചും സ്വാഭാവികമായിട്ടുള്ളതാണെന്നും ആ നിലയിലേക്ക് കുഞ്ഞാത്തോൽ നിപതിക്കുന്നത് ദുഃഖകരമാണെന്നുമുള്ള പൊതുബോധം അന്നും സമൂഹത്തിൽ രൂഢമൂലം ആയിരുന്നു!

വൻ വ്യവസായങ്ങളെക്കുറിച്ചോ രാജ്യത്തിന്റെ പൊതുവായ വ്യാവസായിക വളർച്ചയെക്കുറിച്ചോ എന്തെങ്കിലും സൂചനകൾ കാലത്തിലില്ല. അത് സേതുവിന്റെ വ്യവഹാര പരിധിയിൽ ഉൾപ്പെടാത്തതുകൊണ്ട്. പക്ഷേ, പോംവഴി മറ്റൊരുവിധം ആയിരുന്നെങ്കിൽ എന്ന ഒരു അനുക്ത നിർദ്ദേശം ഉള്ളതിനെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. നിരൂപകർ പൂർണ്ണമായും അവഗണിച്ച ഒരു സുപ്രധാന വസ്തുത ചൂണ്ടിക്കാണിക്കാനുണ്ട്. ഇടിഞ്ഞുപൊളിഞ്ഞ, മിക്കവാറും നാമാവശേഷമായ ഒരു അമ്പലമുണ്ടല്ലോ കാലത്തിൽ. ഇടിഞ്ഞു പൊളിഞ്ഞ അമ്പലങ്ങൾ ഒരു സാധാരണ കാഴ്ചയായിരുന്നു ആ കാലത്ത്; വള്ളുവനാട്ടിൽ മാത്രമല്ല, കൊച്ചിയിലും തിരുവിതാംകൂറിലും ഒക്കെ. മധ്യതിരുവിതാംകൂർ ക്രിസ്ത്യാനികളുടെ കഥ പറയുന്ന ക്രിസ്ത്യാനിയല്ലാത്ത ഒരു കഥാപാത്രം പോലുമില്ലാത്ത 'ഇണപ്രാവുകളിലും' ഇടിഞ്ഞുപൊളിഞ്ഞ ഒരു ക്ഷേത്രം ഉണ്ട്. ഇണപ്രാവുകളിലെ കഥ നടക്കുന്നതും സ്വാതന്ത്ര്യത്തിന്റെ ആദ്യ വർഷങ്ങളിലാണ്. സേതുവിന്റെ കാവ്യഭാവനയെ ഉദ്ദീപിപ്പിക്കുക എന്നൊരു ധർമ്മം മാത്രമേ കാലത്തിലെ ആ അമ്പലത്തിനുള്ളൂ എന്നു തോന്നാം. കൂടുതൽ ആലോചിക്കുമ്പോൾ അതൊരു പ്രതീകമാണ് എന്ന് മനസ്സിലാവും. എന്തിന്റെ പ്രതീകം? കേരളത്തിലെ മിക്ക ക്ഷേത്രങ്ങളുടേയും ഊരാളന്മാർ നമ്പൂതിരി ജന്മിമാരായിരുന്നു. നമ്പൂതിരിമാരുടെ പ്രതാപം നശിക്കാൻ തുടങ്ങിയതോടെ അമ്പലങ്ങളും ക്ഷയിക്കാൻ തുടങ്ങി. പ്രധാനപ്പെട്ട ചില ക്ഷേത്രങ്ങൾ നിലനിന്നു മറ്റു പലതും നശിച്ചു. ഈ ക്ഷേത്രങ്ങൾ വലിയൊരു ധർമ്മം നിർവ്വഹിച്ചിരുന്നു. ഉത്സവങ്ങളിലൂടെയും മറ്റും ഹിന്ദുമതത്തിലെ വിവിധ ജനവിഭാഗങ്ങളെ ഒന്നിപ്പിക്കാൻ അവയ്ക്ക് കഴിഞ്ഞിരുന്നു. വേലയും കാളകെട്ടും ഒക്കെ നിർവ്വഹിച്ചിരുന്നത് സാധാരണ തീണ്ടാപ്പാടകലെ നിൽക്കേണ്ടിയിരുന്ന ജനസമൂഹങ്ങളായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ക്ഷേത്രങ്ങൾ മുസ്‌ലിമോ ക്രിസ്ത്യാനിയോ അല്ലാത്ത എല്ലാവരുടേയും ആയിരുന്നു. ഇപ്പോഴത്തെ ശൈലിയിൽ പറഞ്ഞാൽ ഹിന്ദു ഐഡന്റിറ്റിയുടെ പ്രകടിതരൂപമായിരുന്നു ക്ഷേത്രം. ആ ഐഡന്റിറ്റിയുടെ അപചയമാണ് ഇടിഞ്ഞുപൊളിഞ്ഞ അമ്പലങ്ങൾ സൂചിപ്പിക്കുന്നത്. കേരളീയ നവോത്ഥാനത്തിനു നേതൃത്വം കൊടുത്തത് ജാതി സംഘടനകളാണ്. അവർ ഒരു ഹിന്ദു ഐഡന്റിറ്റിക്കു രൂപം നൽകാൻ ശ്രമിച്ചില്ല. പക്ഷേ, അക്കാലത്തുതന്നെ അതിന്റെ ബീജാവാപം നടന്നു എന്നതിന്റെ സൂചന കാലത്തിലുണ്ട്. നാട്ടുകാർ വരിയിട്ട് ഉത്സവം നടത്തുന്നതിനെക്കുറിച്ചുള്ള പ്രസ്താവം നോക്കുക. ഇന്ന് ഉപേക്ഷിക്കപ്പെട്ട ഒരു ക്ഷേത്രം പോലും കേരളത്തിലില്ല. ഇടിഞ്ഞുപൊളിഞ്ഞ അമ്പലങ്ങൾ എല്ലാം പുനരുദ്ധരിക്കപ്പെട്ടു. അത് വേറൊരു വിഷയം.

പരിവർത്തനത്തിന്റേയും പരാവർത്തനത്തിന്റേയുമായ ഏതൊരു കാലത്തേയും പോലെ അധിനിവേശാനന്തരകാലവും ചിന്താക്കുഴപ്പം നിറഞ്ഞ സാമൂഹ്യ സാംസ്കാരിക മാതൃകകളാൽ അടയാളപ്പെടുത്തപ്പെട്ടിരിക്കും (ലീലാ ഗാന്ധി-പോസ്റ്റ് കൊളോണിയൽ തിയറി) കഴഞ്ഞുമറിഞ്ഞ ആ സമൂഹത്തിന്റെ യഥാർത്ഥ ചിത്രം വായനക്കാരിൽ എത്തിക്കുക എന്നതാണ് അധിനിവേശാനന്തര സാഹിത്യരചയിതാവിന്റെ ധർമ്മം. പോസ്റ്റ്കൊളോണിയലിസം എന്ന വാക്ക് രൂപപ്പെടുന്നതിന് മുപ്പതു കൊല്ലം മുൻപ് ആ ധർമ്മം പ്രാഗത്ഭ്യത്തോടെ നിർവ്വഹിച്ച കാലത്തിന്റെ രചയിതാവ്. എം.ടി മലയാളത്തിന്റെ കാവ്യാത്മകതയിൽ വ്യാമുഗ്ധരായ മലയാളി വായനക്കാർ അതു പക്ഷേ, വേണ്ടത്ര ശ്രദ്ധിച്ചില്ല.●



Scanned with OKEN Scanner